# മുടപ്പല്ലൂർ ഗവ: ഹൈസ്കൂൾ



നാട്ടുഗരിമയുടെ ചന്തം

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025-26

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## ജി.എച്ച്.എസ് മുടപ്പല്ലൂർ

തയ്യാറാക്കിയത്
ഷീന കെ.കെ
എച്ച്.എസ്.ടി.
സോഷ്യൽ സയൻസ്

# പദ്ധതികളുടെ പ്രകാശവഴികൾ


സ്റ്റാഫ് വിവരങ്ങൾ.................................... 6-7

ക്യാമറക്കണ്ണിലെ ഓർമ്മച്ചിത്രങ്ങൾ............ 8

ആമുഖം....................................................... 9-10

മൂടപ്പല്ലൂർ; നാട്ടുഗരിമയുടെ ചന്തം.................... 11-12

ശതദീപ്തിയിൽ വിദ്യാലയചരിത്രം............. 13-15

വിദ്യാലയം; നേട്ടങ്ങളും പരിമിതികളും........... 16

വിദ്യാഭ്യാസം- ഗാന്ധിജി............................. 17-18

അക്കാദമിക് മാസ്റ്റർ പ്ലാൻ......................... 19-66

ഓർമ്മ- വിജയലക്ഷ്മി.................................. 67

കലണ്ടർ....................................................... 68

ദിനാചരണങ്ങൾ.......................................... 69-78

വിരാമം......................................................... 79

# ജി.എച്ച്.എസ് മുടപ്പല്ലൂർ

## സ്റ്റാഫ് വിവരങ്ങൾ 2025-26

| ക്രമനമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ഷീബ പി.എൻ | ഹെഡ്മിസ്ട്രസ് |
| 2 | രജനി പി | എച്ച്.എസ്.ടി ബയോളജി |
| 3 | ഷീന കെ കെ | എച്ച്.എസ്.ടി സോഷ്യൽ സയൻസ് |
| 4 | രാജേഷ് കെ ആർ | എച്ച്.എസ്.ടി മലയാളം |
| 5 | ഷൈജിമോൾ പി എം | എച്ച്.എസ്.ടി ഹിന്ദി |
| 6 | ബബിത കെ | എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് |
| 7 | ഷിനു ആർ | എച്ച്.എസ്.ടി ഫിസിക്കൽ എഡ്യൂക്കേഷൻ |
| 8 | തൻസിയ എ | എച്ച്.എസ്.ടി മലയാളം |
| 9 | രജിത ടി എസ് | എച്ച്.എസ്.ടി മാത്തമാറ്റിക്സ് |
| 10 | ഹിത രാജൻ | എച്ച്.എസ്.ടി മാത്തമാറ്റിക്സ് |
| 11 | സോഫിയ എച്ച് | യു.പി.എസ്.ടി |

| | | |
|---|---|---|
| 12 | ഷിജി കെ എസ് | പി.ഡി ടീച്ചർ |
| 13 | നസ്സറത്ത് ഒ എം | യു.പി.എസ്.ടി |
| 14 | ബിബിൻ ജി വാസുദേവൻ | യു.പി.എസ്.ടി |
| 15 | ലിനി കെ എം | യു.പി.എസ്.ടി |
| 16 | സജന എ | യു.പി.എസ്.ടി |
| 17 | നിത്യ  എം | യു.പി.എസ്.ടി |
| 18 | ബീന എം | ജൂനിയർഹിന്ദി ടീച്ചർ |
| 19 | റീന ടി | പി.ഡി ടീച്ചർ |
| 20 | മേഴ്സി പി എഫ് | എൽ.പി.എസ്.ടി |
| 21 | ലിസി തോമസ് | എൽ.പി.എസ്.ടി |
| 22 | ഷീന മേരി എം ജെ | എൽ.പി.എസ്.ടി |
| 23 | പ്രീത  എസ് | എൽ.പി.എസ്.ടി |
| 24 | വിൻസി എം | എൽ.പി.എസ്.ടി |
| 25 | ജിൻസി എം | എൽ.പി.എസ്.ടി |
| 26 | രമേഷ് എം | ക്ലർക്ക് |
| 27 | ആന്റോ ഒ ജെ | ഓഫീസ് അറ്റൻറർ |
| 28 | അജീമ പി യു | ഓഫീസ് അറ്റൻറർ |
| 29 | സുഭാഷ് എം | എഫ്.ടി.എം |

# ക്യാമറക്കണ്ണിലെ ഓർമ്മച്ചിത്രങ്ങൾ











# ആമുഖം

കാർഷികസംസ്കാരത്തിന്റെ മണ്ണിൽ വേരുകളാഴ്ത്തിയ, ഗ്രാമഭൂപടത്തിന്റെ ഹരിതചിത്രമാണ് മുടപ്പല്ലൂർ. നാടിന്റെ തനതുപാരമ്പര്യവും ശീലങ്ങളും കാലങ്ങൾക്കിപ്പുറവും കണ്ണികൾ കോർത്ത സംസ്കാരധാരയാണ് മുടപ്പല്ലൂരിന്റെകരുത്ത്. നാട്ടുഗരിമയെ നയിക്കുന്ന ശ്രീവെളിച്ചമാണ്, അറിവ്. അക്ഷരങ്ങളുടെ സ്വർണപ്രകാശം തലമുറകളുടെ നെറുകയിൽ ചേർത്തുവച്ച്, നാടിന്റെ സ്പന്ദനമായും മുന്നായങ്ങൾക്കുള്ള വിളക്കായും ശോഭിക്കുന്ന മുടപ്പല്ലൂർ സർക്കാർ വിദ്യാലയം ശതാബ്ദിയുടെ നിറവിലാണ്. നഗരസംസ്കാരത്തിന്റെ കനത്ത അടയാളങ്ങൾ പതിയാത്ത ഗ്രാമചിത്രത്തിലെ ഈ വിദ്യാലയം മാനവികതയുടെ തെളിഞ്ഞവെട്ടമാണ്. ജ്ഞാനത്തിന്റെ തെളിവെയിലിൽ നടന്നുതീർത്ത നൂറുവർഷങ്ങൾ മുടപ്പല്ലൂരിന്റെ സാംസ്കാരികാടിത്തറയും നാടിന്റെ മുന്നേറ്റങ്ങളിലേക്കുള്ള പാത തെളിക്കലുമായിരുന്നു.

പാലക്കാട് ജില്ലയുടെ ഏകദേശം തെക്കേയറ്റത്തുള്ള വണ്ടാഴി ഗ്രാമപഞ്ചായത്തിലാണ് മുടപ്പല്ലൂർ സർക്കാർ വിദ്യാലയം നിലകൊള്ളുന്നത്. ആലത്തൂരാണ് വിദ്യാഭ്യാസ ജില്ല. ശതാബ്ദിയുടെ ഗരിമയും കാലത്തിന്റെ നിയോഗവും പേറി അറിവിന്റെ വഴികൾ തെളിക്കുന്ന ഈ വിദ്യാലയം, കഴിഞ്ഞ ആറുവർഷമായി പത്താംതര വാർഷികപ്പരീക്ഷയിൽ നൂറുശതമാനം വിജയം നിലനിർത്തിപ്പോരുന്നുണ്ട്. പരീക്ഷകൾക്കുമുമ്പ് കൃത്യമായ ആസൂത്രണവും പഠനക്ലാസ്സുകളും വിദ്യാലയപ്രവർത്തനങ്ങളുടെ ഭാഗമാണ്. സ്കോളർഷിപ്പ് പരീക്ഷകളിലെ മികച്ച വിജയം ഏറെനാളത്തെ പഠനപരിശീലനങ്ങളുടെ ഫലമാണ്. കഴിഞ്ഞ യു.എസ്.എസ് പരീക്ഷയിൽ ആറ് കുട്ടികൾ വിജയിച്ചു.

ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. ഈ ബോധ്യമാണ് മുടപ്പല്ലൂർ സർക്കാർ വിദ്യാലയത്തിന്റെ നാളിതുവരെയുള്ള വഴിവിളക്ക്. പാഠ്യേതര പ്രവർത്തനങ്ങളിൽ പുലർത്തുന്ന ജാഗ്രത കുട്ടികളിൽ മാനവികബോധം വളർത്താനും നാനാവിധ കഴിവുകളെ പരിപോഷിപ്പിക്കുവാനും സഹായിക്കുന്നു. വിവിധങ്ങളായ ബോധനതന്ത്രങ്ങളിലൂടെ കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നു. ആത്മധൈര്യവും പ്രതിരോധവും കുഞ്ഞുങ്ങളുടെ വളർച്ചയിൽ താങ്ങാണ്. അതവരുടെ ജീവിതയാത്രയെ സുഗമമാക്കുന്നു. കരാട്ടേ, യോഗ എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകി കുട്ടികളുടെ  ശരീരവും മനസ്സും സക്രിയമാക്കി നിലനിർത്തുന്നതിൽ വിദ്യാലയം ശ്രദ്ധ ചെലുത്തുന്നു. അപക്വമായ പ്രായത്തിന്റെ ചാപല്യം ചിന്തകളുടെ വഴികളെ തിരിച്ചുവിടും. ബാല്യകൗമാരങ്ങളെ ചേർത്തുപിടിക്കാൻ, വിദ്യാലയത്തിൽനിന്നു ലഭിക്കുന്ന കൗൺസിലിംഗ് കുട്ടികളുടെ അവകാശമാണെന്ന ബോധ്യമുണ്ട്.

സ്കൂൾ പി.ടി.എ. യുടെയും രക്ഷാകർത്താക്കളുടെയും അധ്യാപകരുടെയും ഇടപെടൽ വിദ്യാലയത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളെ അനായാസവും മികവുറ്റതുമാക്കുന്നു. കൂടാതെ, സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും അക്കാദമിക നിലവാരം ഉയർത്തുവാനും ഈ ഇടപെടലിലൂടെ വിദ്യാലയത്തിന് സാധിക്കുന്നുണ്ട്. ജില്ലാപഞ്ചാ

യത്ത്, പൂർവ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, നാട്ടുകാർ - എന്നിവരുടെ സേവനവും ശ്ലാഘനീയമാണ്. വിദ്യാലയത്തിന്റെ മുന്നായങ്ങളുടെ ചാലകശക്തികൾ ഇവർകൂടിയാണ്.

പാഠ്യ- പാഠ്യേതര വിഷയങ്ങളിൽ കുട്ടികളെ മികവുറ്റവരാക്കുക എന്ന തെളിഞ്ഞ ബോധ്യമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാനിന്റെ ആധാരശില. ഇതിലെ പ്രവർത്തനങ്ങൾ കുട്ടികളിലെ ധിഷണയുടെ ഉരകല്ലുകളും അറിവിന്റെ ദിശാസൂചികകളും കൂടിയാവണം. ബൗദ്ധികവളർച്ചയുറ്റുകുന്ന പ്രവർത്തനങ്ങൾ വിദ്യാലയാന്തരീക്ഷത്തെയും കുഞ്ഞുങ്ങളുടെ മുന്നോട്ടുള്ള വഴികളെയും ചേതോഹരമാക്കും. അതിനുള്ള ശ്രമമാണ്, ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

# മുടപ്പല്ലൂർ ; നാട്ടുഗരിമയുടെ ചന്തം

നൂറ്റാണ്ടുകൾ നീണ്ട പോരാട്ടങ്ങളുടെയും അധിനിവേശങ്ങളുടെയും ചരിത്രമുറങ്ങുന്ന മണ്ണാണ് മുടപ്പല്ലൂർ. ആചാര-അനുഷ്ഠാന-വിശ്വാസങ്ങളും കാർഷികപെരുമയും ഈ മണ്ണിൽ ഇഴപിരിഞ്ഞു കിടക്കുന്നുണ്ട്. വനഗാംഭീര്യത്തിൽ നിന്ന് ജനവാസഭൂമികയിലേക്കു നടന്നെത്തിയ മുടപ്പല്ലൂർ ഗ്രാമനന്മകളുടെ പോറ്റില്ലം കൂടിയാണ്.

മുടപ്പല്ലൂർ എന്ന പേരിന്റെ ഉത്ഭവം എവിടേയും പരാമർശിക്കുന്നില്ല. ഈ പ്രദേശം കേരളപ്പിറവിക്കു മുമ്പ് മലബാർ ജില്ലയിലെ പാലക്കാട്- താലൂക്കിൽ ആലത്തൂർ ഫർക്കയിൽപ്പെട്ട പ്രദേശമായിരുന്നു. മലബാർ ജില്ല വിഭജിച്ച് പാലക്കാട് താലൂക്കിനെ പാലക്കാട്ടു ജില്ലയായും ആലത്തൂർ ഫർക്കയെ ആലത്തൂർ താലൂക്കായും നാമകരണം ചെയ്തു. ഇപ്പോൾ നാം ആലത്തൂർ താലൂക്കിലെ മുടപ്പല്ലൂർ അംശം നിവാസികളാണ്. വടക്ക് വീഴുമല, തെക്ക് വടക്കേപ്പുഴ കിഴക്ക് മേലാർക്കോട് പഞ്ചായത്ത്, കരിപ്പാലിപ്പുഴയും കിഴക്കഞ്ചേരി പഞ്ചായത്തും ചേരുന്നതാണ് മുടപ്പല്ലൂരിന്റെ അതിരുകൾ. മൂവായിരത്തോളം വീടുകളും പതിനായിരത്തോളം ജനസംഖ്യയുമുള്ള ഒരു പ്രദേശമാണിത്. ഇവിടെ വ്യത്യസ്ത മതക്കാരും ജാതിവിഭാഗങ്ങളും താമസിച്ചു വരുന്നു. ബ്രാഹ്മണർ തൊട്ട് നായാടിവരെയുള്ള ജാതിവിഭാഗങ്ങൾ ഇവിടെയുണ്ട്. വിദ്യാഭ്യാസ സൗകര്യത്തിനായി രണ്ട് പ്രൈമറി വിദ്യാലയങ്ങളും ഒരു അപ്പർ പ്രൈമറി വിദ്യാലയവും ഒരു സർക്കാർ സ്കൂളും എട്ട് അംഗണവാടികളും ഇവിടെ പ്രവർത്തിച്ചു വരുന്നു. തൊഴിൽ മേഖലയിൽ കാർഷികവൃത്തിയായിരുന്നു പ്രധാന തൊഴിൽ. എന്നാൽ ഇന്നത് പല മേഖലകളിലും വ്യാപിച്ചിരിക്കുന്നു. നിർമ്മാണജോലികൾ, തോട്ടം തൊഴിലുകൾ, റോഡുപണി എന്നിവയിലേക്ക് വ്യാപിച്ചിരിക്കുന്നു. കാറ്ററിങ് സർവീസും ബിസിനസും ഉപ ജോലികളായി മാറിയിരിക്കുന്നു. വൻകിട വ്യവസായശാലകളൊന്നും ഇവിടെയില്ല. അഞ്ച് തടി മില്ലുകൾ, റൈസ്മില്ല്, മൂന്നിലധികം എണ്ണയാട്ടു സ്ഥാപനങ്ങൾ, അരി-ധാന്യങ്ങൾ പൊടിക്കുന്ന നാലിലധികം സ്ഥാപനങ്ങളും ഇവിടെയുണ്ട്. മൺപാത്ര വ്യവസായവും പപ്പടനിർമാണവും കുറേ ആളുകളുടെ വ്യവസായമാണ്. കൂടാതെ പ്ലൈവുഡ് ഫാക്ടറികളും ഇവിടെയുണ്ട്. വില്ലേജ് ഒഫീസ്, പഞ്ചായത്തോഫീസ്, വൈദ്യുതി ഓഫീസ്, ദേവസ്വം ഓഫീസ്, പോസ്റ്റോഫീസ് എന്നീ സർക്കാർ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ചു വരുന്നു. ഗവ:ആയുർ വേദ ആശുപത്രി, ഹോമിയോ ഡിസ്പെൻ സറി, ഒന്നിലധികം ക്ലിനിക്കുകൾ, രണ്ടിലധികം പരിശോധനാ ലാബുകൾ തുടങ്ങി ചികിത്സാരംഗം മെച്ചപ്പെടുത്തുന്ന സൗകര്യങ്ങളും ഈ പ്രദേശത്തുണ്ട്. മികച്ച ഒരു പ്രസ്, അക്ഷയകേന്ദ്രം എന്നിവ ഈ പ്രദേശത്തുണ്ട്. ഹിന്ദുക്കളുടേതായി നിരവധി ആരാധാനാലയങ്ങളുണ്ടെങ്കിലും ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് അഴിക്കുളങ്ങര

ഭഗവതി ക്ഷേത്രം, മഹാവിഷ്ണു ക്ഷേത്രം, മാത്തൂർമാരിയമ്മൻ കോവിൽ, പന്തപ്പറമ്പ് സുബ്രഹ്മണ്യൻ ക്ഷേത്രം, തണ്ടലോട് ശിവക്ഷേത്രം എന്നിവയാണ്. കൂടാതെ മുസ്ലീം വിഭാഗങ്ങൾക്കു രണ്ട് പള്ളികളും ഇവിടെയുണ്ട്. ഉത്സവങ്ങളിൽ അഴിക്കുളങ്ങര ഭഗവതിക്ഷേത്രത്തിലെ വേലയുത്സവമാണ് ഏറ്റവും പ്രധാനം. ക്ഷേത്രത്തിൽ നടക്കുന്ന കണ്യാർക്കളിയും ചീർമ്പക്കാവിലെ താലപ്പൊലിയും പ്രധാനമാണ്. മുടപ്പല്ലൂർ കേന്ദ്രമാക്കി ഇല്ലങ്ങൾ പണിതു താമസിച്ചിരുന്ന നമ്പൂതിരിമാർ തിരുത്തോട് ക്ഷേത്രവും മേത്താൻക്കോട് ശിവക്ഷേത്രവും പണികഴിപ്പിച്ചതായി പറയപ്പെടുന്നു. മുടപ്പല്ലൂർ പ്രദേശത്തെ ഭൂമികൾ ഭൂരിഭാഗവും നമ്പൂതിരി സമുദായത്തിന്റെ കൈവശമായിരുന്നു. ഇവിടുത്തെ ജനങ്ങധികവും വിദ്യാസമ്പന്നരാണ്.

സ്വകാര്യ- ഗവ: മേഖലകളിലായി നിരവധിപേർ ജോലി ചെയ്യുന്നു. ഡോക്ടർമാർ, വക്കീലന്മാർ, അധ്യാപകർ, നേഴ്സുമാർ തുടങ്ങി സ്വതന്ത്രമേഖലയിൽ ധാരാളം ആളുകൾ പ്രവർത്തിക്കുന്നു. മതമൈത്രിയോടെയും ഒരുമയോടെയും കഴിയുന്ന ഒരു സംസ്കാരം ഇവിടെയുണ്ട്. ഒരു നല്ല മാർക്കറ്റ് ഈ പ്രദേശത്തുണ്ട്. അതിനെ മുടപ്പല്ലൂരങ്ങാടി എന്നു പറയുന്നു. ധാരാളം തുണിക്കടകളും മരുന്നുകടകളും പലചരക്കുകടകളും ഇരുമ്പ്-സിമെന്റു കടകളും ഇവിടെയുണ്ട്. പൊള്ളാച്ചി-തൃശ്ശൂർ, സ്റ്റേറ്റ്ഹൈവേ ഈ പ്രദേശത്തുകൂടിയാണ് കടന്നു പോകുന്നത്. നിരവധി ഗ്രാമീണ റോഡുകളും ഇവിടെയുണ്ട്. മുടപ്പല്ലൂർ-മംഗലം ഡാം, മുടപ്പല്ലൂർ-പുന്നപ്പാടം, മുടപ്പല്ലൂർ-മാത്തൂർറോഡ് എന്നിവ ഉദാഹരണങ്ങൾ. കുടിവെള്ളക്ഷാമമില്ലാത്ത ഒരു പ്രദേശമാണിത്. ധാരാളം കുഴൽക്കിണറുകളും പഞ്ചായത്തുവക കുടിവെള്ള പദ്ധതികളും സ്വകാര്യ കിണറുകളും ജലസ്രോതസ്സുകളാണ്. വൈദ്യുതീകരിക്കാത്ത ഇടങ്ങൾ ഈ അംശത്തിലില്ല. ആദ്യകാലത്ത് പനമ്പട്ടയും വൈക്കോലും മുളയും ഉപയോഗിച്ചാണ് വീടുകളുടെ മേൽഭാഗം മേഞ്ഞിരുന്നത്. മിക്ക വീടുകളും മൺചുവരുകളായിരുന്നു. വിവാഹം, പൊതുയോഗം എന്നിവ നടക്കുന്നതിന് പര്യാപ്തമായ രണ്ടു മണ്ഡപങ്ങൾ- ഒന്ന് സ്വകാര്യവ്യക്തിയുടെയും മറ്റേത്, പഞ്ചായത്തു വകയുമാണ്. നെല്ലിന് എത്ര വിളവുകുറഞ്ഞാലും ഇന്നും നെൽകൃഷിക്കാണ് പ്രാധാന്യം. റബ്ബർ, വാഴ, തെങ്ങ്, കവുങ്ങ്, മരച്ചീനി എന്നിവയും കൃഷി ചെയ്തുവരുന്നുണ്ട്. കൃഷിക്കായി പോത്തുണ്ടി, മംഗലഡാം എന്നിവയിലെ വെള്ളം ലഭിക്കുന്നു. പശുവളർത്തൽ ഒരു കുടുംബ വ്യവസായമായി മാറിയിരിക്കുകയാണ്. ഈ പ്രദേശത്തിന് ആവശ്യമായ പാലും, കയറ്റി അയക്കാനുള്ള പാലും ഇവിടെ ഉൽപ്പാദിപ്പിക്കുന്നു. രണ്ടു പാൽ സൊസൈറ്റികളും ഇവിടെയുണ്ട്. പന്തപ്പറമ്പിലും വണ്ടാഴിയിലും മികച്ച വായനശാലകളുണ്ട്. മാത്തൂർ, പന്തപ്പറമ്പ്, ചക്കാന്തറ എന്നിവിടങ്ങളിൽ റേഷൻകടകൾ സ്ഥാപിച്ച് ഭക്ഷ്യധാന്യങ്ങൾ നല്ല രീതിയിൽ വിതരണം ചെയ്തുവരുന്നു. മാത്തൂരിൽ പഞ്ചായത്തു വക ഒരു ശ്മശാനവും കരിപ്പാലി പുഴയ്ക്കരികിൽ മറ്റൊരു ശ്മശാനവും പ്രവർത്തിക്കുന്നു.

നിലയ്ക്കാത്ത അതിജീവന പോരാട്ടങ്ങളിലൂടെ ഈ മണ്ണിൽ കാലുറപ്പിയ്ക്കാനുള്ള ശ്രമങ്ങളാണ് മുടപ്പല്ലൂരിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കാർഷികതയിൽ പടുത്തുയർത്തിയ സംസ്കാരം നമ്മെ ഓർമ്മിപ്പിക്കുന്നത്, നെഞ്ചുക്കുകൊണ്ട് പ്രതിബന്ധങ്ങളെ തരണം ചെയ്ത്, മണ്ണിൽ സ്വർണം വിളയിച്ച ഒരു ജനത ഇവിടെ ജീവിച്ചിരുന്നു എന്നാണ്.

# ശതദീപ്തിയിൽ വിദ്യാലയചരിത്രം



കേവലനാമത്തിനപ്പുറം സാംസ്കാരികചിത്രങ്ങൾ ചിതറികിടക്കുന്ന ഭൂമികയാണ് മുടപ്പല്ലൂർ. ജാതി-മത വിശ്വാസങ്ങൾക്കു മീതെ ഒരുമയിൽ നടക്കാൻ ശീലിച്ച നാടാണിത്. നഗരഭൂപടത്തിനരികെ ഗ്രാമചിത്രങ്ങളിൽ സമ്പന്നമായ ഈ നാട് കാർഷികപെരുമയോടൊപ്പം ജീവിതശുദ്ധിയെയും അടയാളപ്പെടുത്തുന്നുണ്ട്.

**നടന്നുതീർത്ത വഴികളിലൂടെ**

മുടപ്പല്ലൂരിന്റെ സാംസ്കാരികചിഹ്നങ്ങളിലൊന്നാണ് മുടപ്പല്ലൂർ സർക്കാർ വിദ്യാലയം. 1924-ൽ എൽ.പി.സ്കൂളായും 1982-ൽ യു.പി.സ്കൂളായും ഈ വിദ്യാലയം ഉയർത്തപ്പെട്ടു. 2011-ൽ ആർ.എം.എസ്.എ. പദ്ധതിപ്രകാരം ഹൈസ്കൂൾ എന്ന സ്വപ്നതീരത്തിലേക്കു നാം എത്തിച്ചേർന്നു.

ഒരു നൂറ്റാണ്ടിനപ്പുറം നീണ്ട പാരമ്പര്യത്തിന്റെ കരുത്തുണ്ട് നമ്മുടെ വിദ്യാലയത്തിന്. തലമുറകൾക്കു അറിവായി, വെളിച്ചമായി വഴിനടത്തിയ ഈ സരസ്വതിക്ഷേത്രത്തിന്റെ അങ്കണത്തിൽ, പിൻകാലത്തിൻറ കഥകളേറ്റുവാങ്ങിയ നെല്ലിമരച്ചുവട്ടിൽ നിൽക്കുമ്പോൾ തൊട്ടുതലോടുന്ന കാറ്റ് പോലും ഗൃഹാതുരമായി തോന്നും, അത്രമേൽ സുന്ദരമാണിവിടം.

**2024- ഓർമ്മയിലെ വർണചിത്രങ്ങൾ**



2024ജൂൺ മൂന്നാം തീയതി ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.കെ.എൽ രമേശ് പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തുകൊണ്ട് ഈ അധ്യയനവർഷം ആരംഭിച്ചു. പ്രവേശനോത്സത്തോടൊപ്പം വിജയോത്സവവും സമുചിതമായി ആഘോഷിച്ചു. ബഹു. ആലത്തൂർ എം.എൽ.എ.ശ്രീ.കെ. ഡി. പ്രസേനൻ വിജയോത്സവം ഉദ്ഘാടനം ചെയ്തു. എൽ.കെ.ജി. മുതൽ ഹൈസ്കൂൾ വരെ 689 കുട്ടികൾ പഠിക്കുന്നു. ഹൈസ്കൂൾ ക്ലാസുകൾ മുഴുവൻ ഹൈടെക് ആക്കിയിട്ടുണ്ട്. പുതിയ കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നു.

**മികവുകൾ, പുസ്തകത്താളിനപ്പുറം**




എൽ.പി, യു.പി, ഹൈസ്കൂൾതല ഭാഷ പ്രതിഭാപരീക്ഷയായ വാങ്മയം ജൂലൈ 31-ന് നടന്നു. ആഗസ്റ്റ് 16-ന് സ്കൂൾതല പാർലമെന്റ് തിരഞ്ഞെടുപ്പ് നടന്നു. ക്ലാസ്സ് ലീഡേഴ്സ് ചേർന്ന് സ്കൂൾ ചെയർമാനായി ശ്രീജിത്ത് എസ്.നെയും വൈസ് ചെയർപേഴ്സണായി ഷൈബാന കെ.എ.യും തിരഞ്ഞെടുത്തു. ആഗസ്റ്റ് 22-ന് ലിറ്റിൽ കൈറ്റ്സിന്റെ പ്രിലിമിനറി ക്യാമ്പും രക്ഷാകർത്തൃസംഗമവും സ്കൂളിൽവച്ച് നടന്നു. ആഗസ്റ്റ് 30-ന് സ്കൂൾതല ഐ.ടി. ക്വിസ് മത്സരം നടന്നു. ഏവരുടെയും പങ്കാളിത്തത്തോടെ ഓണാഘോഷം സമുചിതമായി നടന്നു. പെൺകുട്ടികളുടെ അണ്ടർ 14 പാലക്കാട് ജില്ല ടെന്നി കോട്ട് ടീമിന്റെ സെലക്ഷൻ ക്യാമ്പിലേക്ക് വൃന്ദ എസ്., അനശ്രേയ ബി., അമൃത പി. എന്നീ കുട്ടികളെ തിരഞ്ഞെടുത്തു. സെപ്റ്റംബർ 25-ന് സ്കൂൾതല സോഷ്യൽ സയൻസ്, പ്രവൃത്തിപരിചയ മേളകൾ നടന്നു. കുട്ടികളുടെ അഭിരുചികളുടെയും നിപുണതയുടേയും തെളിവായിരുന്നു ഈ മേളകൾ. സെപ്റ്റംബർ 27-ന് ടീൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കൗമാരപ്രായത്തിലെ കുട്ടികൾക്കായി പോഷൺ മാ എന്നപേരിൽ ശ്രീമതി ദിവ്യ ക്ലാസ്സെടുത്തു. ഒക്ടോബർ 14&16 തീയതികളിൽ സ്കൂൾ കലോത്സവം ഗംഭീരമായി നടന്നു. ഒക്ടോബർ 28-ന് പാലക്കാട് റവന്യൂ ജില്ല ടെന്നിക്കോട്ട് ചാമ്പ്യൻഷിപ്പിന് നമ്മുടെ സ്കൂൾ ആതിഥ്യമേകി. ബഹു. പി.ടി.എ. പ്രസിഡന്റ് ശ്രീ. അജയൻ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തു. ജനുവരി 27-ന് നവമുകുളങ്ങൾ എന്നപേരിൽ സ്കൂൾ എഴുത്തുകൂട്ടം വായനക്കൂട്ടത്തിന്റെ ആഭിമുഖ്യത്തിൽ ഏകദിന ശില്പശാല നടത്തി. ഫെബ്രുവരി 20-ന് ഒന്നാംക്ലാസ്സിലെ കുട്ടികൾ ഒന്നഴക് എന്നപേരിൽ കുഞ്ഞെഴുത്ത് നടത്തി. ഫെബ്രുവരി 21-ന് ഗണിത, ശാസ്ത്ര ശലഭോത്സവം HM ശ്രീമതി ശ്രീലത ടീച്ചർ ഉദ്ഘാടനം ചെയ്തു. പാലക്കാട് ജില്ല Sub junior girls ടെന്നിക്കോട്ട് ചാമ്പ്യൻഷിപ്പിൽ നമ്മുടെ സ്കൂൾ 2nd Runner up ആയി.

**ദിനാചരണങ്ങൾ**

ജൂൺ 5 പരിസ്ഥിതിദിനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് വിമുക്തസന്ദേശം നല്കി മരത്തൈകളുടെ വിതരണം നടത്തി. ജൂൺ 19-ന് വായനദിനവും ജൂൺ 21-ന് യോഗദിനവും ആചരിച്ചു. ജൂൺ 19 വായനദിനത്തിന്റെ ഭാഗമായി വായനവാര കാലയളവിൽ ക്വിസ്, രചനാമത്സരങ്ങൾ എന്നിവ നടത്തി. ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യദിനം ആചരിച്ചു. സെപ്റ്റംബർ 5-ന് അധ്യാപകദിനം ആചരിച്ചു. നവംബർ 1 കേരളപ്പിറവി ദിനവും ഫെബ്രുവരി 28 ശാസ്ത്രദിനവും ആചരിക്കുന്നതിന്റെ ഭാഗമായി പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. ആഗസ്റ്റ് 6, 9 തീയതികളിൽ ഹിരോഷിമ, നാഗസാക്കി ദിനങ്ങൾ ആചരിച്ച് യുദ്ധവിരുദ്ധ പ്രതിജ്ഞയെടുത്തു. ഭാരതത്തിന്റെ എഴുപത്തിയാറാം ജയന്തി ജനുവരി 26-ന് സ്കൂൾ അങ്കണത്തിൽവച്ച് ആചരിച്ചു.

**ക്ലബ്ബുകൾ**

നിരവധി ക്ലബ്ബുകളുടെ സജീവ പങ്കാളിത്തമാണ് ഈ വിദ്യാലയത്തിലുള്ളത്. ഹെൽത്ത് ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഗണിതക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്, ഹിന്ദി ക്ലബ്ബ്, ശുചിത്വ ക്ലബ്ബ് പരിസ്ഥിതി ക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യവേദി, ലഹരിവിരുദ്ധ ക്ലബ്ബ്, ടീൻസ് ക്ലബ്ബ് ഇവയെല്ലാം സജീവമാണ്, കുട്ടികളുടെ മികവുകളെ പ്രോത്സാഹിപ്പിക്കുന്നവയാണ്.

**പരിശിഷ്ടം**

പഠന വിനോദയാത്രകളും വിദ്യാരംഗത്തിന്റെ ആഭിമുഖ്യത്തിലുള്ള തസ്രാക്ക് സന്ദർശനവും കുട്ടികൾ ആവേശത്തോടെയാണ് ആസ്വദിച്ചത്. കഴിഞ്ഞ SSlC പരീക്ഷയിൽ വിദ്യാലയം മികച്ചവിജയം നേടി. റിസൽറ്റ് മെച്ചപ്പെടുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങളും ക്ലാസ്സുകളും നടത്തിവരുന്നു. കൂടാതെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി ശ്രദ്ധ- തുടങ്ങി പ്രത്യേക ക്ലാസ്സുകളും നൽകി വരുന്നു.

തോട്ടം പാടവും പറമ്പും വിതയും കൊയ്ത്തും ഒക്കെയായി വ്യാപിച്ചുകിടക്കുന്ന മുടപ്പല്ലൂരിന്റെ സാംസ്കാരികഭൂപടത്തിലെ അറിവിന്റെ തിരുമുറ്റമാണ് മുടപ്പല്ലൂർ സർക്കാർവിദ്യാലയം. ജീവിതം പഠിപ്പിച്ച, അറിവിന്റെ മഹാകാശത്തെ ഉള്ളംകൈയിൽ വരച്ചുകാണിച്ച ഗുരുനാഥൻമാരുടെ അനുഗ്രഹവും ആശീർവാദവും ഏറ്റുവാങ്ങിയ മണ്ണാണിത്. വിദ്യാലയം എന്ന വാക്കിന്റെ നിർവചനത്തിനപ്പുറം ഗ്രാമവിശുദ്ധിയുടെ പോറ്റില്ലം കൂടിയാണ് ഈ സർക്കാർ വിദ്യാലയം.

# വിദ്യാലയം; നേട്ടങ്ങളും പരിമിതികളും

## നേട്ടങ്ങൾ

ഒരു വിദ്യാലയം വിലയിരുത്തപ്പെടുന്നത് അക്കാദമികനേട്ടങ്ങളുടെ വരമ്പിൽ നിന്നുകൊണ്ടാണ്. നമ്മുടെ വിദ്യാലയവും ആ മാപിനികൊണ്ടാണ് അളക്കപ്പെടുന്നത്. 2019 മുതൽ 100% വിജയം. ഓരോവർഷവും സമ്പൂർണ A+കളുടെ എണ്ണത്തിലെ വർദ്ധന. മിനിമം പാസ്ഗ്രേഡായ D+കളുടെ കുറവ് - മുടപ്പല്ലൂർ സർക്കാർ വിദ്യാലയത്തെ അടയാളപ്പെടുത്തുമ്പോൾ ഈ മികവുകളും കൂട്ടിച്ചേർക്കേണ്ടതുണ്ട്.

റഗുലർ ക്ലാസ്സുകൾക്കു പുറമെ SSLC വിദ്യാർത്ഥികൾക്കു ജൂൺ മുതൽ ആരംഭിക്കുന്ന മോർണിംഗ്, ഈവനിംഗ് ക്ലാസ്സുകൾ നമ്മുടെ വിദ്യാലയത്തിന്റെ വിജയത്തിന് അടിത്തറയായി പ്രവർത്തിച്ചുവരുന്നു. SSLC കുട്ടികൾക്കുള്ള പരിശീലനത്തിനു പുറമെ 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ പഠനനിലവാരം ഉയർത്തുവാനായി 'ശ്രദ്ധ', 'മലയാളത്തിളക്കം' തുടങ്ങിയ പദ്ധതികളും ഫലപ്രദമായി നടത്തിക്കൊണ്ടിരിക്കുന്നു. തൽഫലമായി എഴുത്തും വായനയും  അറിയാത്ത കുട്ടികളെ മുഖ്യധാരയിലേക്കുയർത്താൻ സാധിച്ചു. ദേശീയ സ്കോളർഷിപ്പ് പരീക്ഷയായ NMMS നും, USS നും മികച്ച പരിശീലനം നൽകി നിരവധി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നേടിക്കൊടുക്കാൻ നമുക്കു കഴിയുന്നുണ്ട്.

SSLC വിദ്യാർത്ഥികൾക്ക് പ്രചോദനം നൽകാനായി സംഘടിപ്പിക്കാറുള്ള മോട്ടിവേഷൻ ക്ലാസ്സ്/ക്യാമ്പുകളും, 9-ാംക്ലാസ്സ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സംഘടിപ്പിക്കാറുള്ള വിജയോത്സവവും കുട്ടികൾക്ക് പ്രചോദനമാകുന്നു. മികച്ച അക്കാദമിക നിലവാരം പുലർത്തുന്നതിനോടൊപ്പം എല്ലാ വർഷവും പാഠ്യേതര പ്രവർത്തനങ്ങളിലും തിളക്കമാർന്ന നേട്ടങ്ങൾ കൈവരിക്കാൻ വിദ്യാലയത്തിനു കഴിയുന്നുണ്ട്.

## പരിമിതികൾ

**കു**ട്ടികളുടെ എണ്ണവും വിദ്യാലയത്തിന്റെ വലിപ്പവുംകൊണ്ട് സമ്പുഷ്ടവുമാണ് പാലക്കാട്ടിലെ വിദ്യാലയങ്ങൾ. മുടപ്പല്ലൂരിന്റെ ഭാഗധേയം നിർണയിക്കുന്ന നമ്മുടെ വിദ്യാലയം കുട്ടികളുടെ എണ്ണത്തിലും ബിൽഡിംഗുകളുടെ പെരുക്കത്തിലും ചെറുതാണ്. ഒരു കളിസ്ഥലത്തിന്റെ അഭാവമാണ് വിദ്യാലയത്തിന്റെ പ്രധാന പരിമിതി. ലൈബ്രറിയിൽ രണ്ടായിരത്തിലധികം പുസ്തകങ്ങൾ ഉണ്ട്. എന്നാൽ**,** അവ പ്രദർശിപ്പിക്കുന്നതിന് ഒരു മുറിയോ റീഡിംഗ് റൂമോ ഇല്ല. എൽ.പി. യു.പി. ക്ലാസ്സ്മുറികൾ ഇടുങ്ങിയതാണ്. പുതുതായി പണിയുന്ന കെട്ടിടം ഈ പരിമിതികളെ ഇല്ലാതാക്കുമെന്നു കരുതുന്നു. കുട്ടികൾക്കു ഉച്ചഭക്ഷണം കഴിക്കാനു ള്ള ഭോജനശാല നിലവിൽ വിദ്യാലയത്തിലില്ല. കുട്ടികൾക്കു പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിനുതകുന്ന ആധുനിക സൗകര്യങ്ങളുള്ള ശൗചാലയങ്ങൾ നിർമ്മിക്കണം. നിലവിലുള്ളവ മെച്ചപ്പെടുത്തേണ്ടതുമുണ്ട്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം**,** ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. സ്ഥലപരിമിതിമൂലം ഇവ സാധിക്കുന്നില്ല.

**ഈ അക്കാദമിക മാസ്റ്റർപ്ലാനിലൂടെ ലക്ഷ്യം വയ്ക്കുന്നത്**
**അറിവെന്ന കേവലമൊരു പ്രക്രിയയല്ല.**
**ബൗദ്ധികവും വൈകാരികവുമായ**
**വളർച്ചയും അടയാളപ്പെടുത്തലുമാണ്.**
**മിഴികളിൽ കൗതുകത്തിന്റെ ശലഭങ്ങൾ പാറുന്ന**
**ബാല്യകൗമാരങ്ങളെ,**
**ജിജ്ഞാസയുടെ വേലിയേറ്റങ്ങളെ ചേർത്തുപിടിക്കാനും**
**ജ്ഞാനത്തിന്റെ വിരൽത്തുമ്പു നൽകാനും**
**ഭാവിയുടെ നടവഴികളിൽ സ്വയം പ്രകാശമാവാൻ**
**സജ്ജമാക്കാനും കഴിയണം.**
**വെളിച്ചത്തിന്റെ വഴികളിൽ**
**കുഞ്ഞുങ്ങളുടെ കണ്ണുകളിലെ വിളക്കാവണം നാം.**
**ഈ മാസ്റ്റർ പ്ലാൻ അതിനുള്ള വഴികാട്ടിയാവട്ടെ.**
**നമുക്ക് യാത്ര തുടരാം.**

ഒരു ശിശുവിന്റെ ശരീരത്തിലും മനസ്സിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം

**(മഹാത്മാഗാന്ധി)**

# വിദ്യാരംഗം കലാസാഹിത്യവേദി

# (മലയാളം)

മേഖല: അക്കാദമികം

## വിദ്യാരംഗം കലാസാഹിത്യ വേദി ( മലയാളം)

### എൽ.പി തലം

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം( Duration) | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|---|
| 1 | ക്ലാസ് 1<br><br>വായിക്കാം എഴുതാം | വാക്കുകൾ, ലഘുവാക്യങ്ങൾ വായിക്കാനും എഴുതാനും | ക്ലാസ് ടീച്ചർ | 6 മാസം | 1000 |
| 2 | സംയുകത ഡയറി | ലഘുവാക്യങ്ങൾ എഴുതി ഡയറി എഴുതുക | ക്ലാസ് ടീച്ചർ രക്ഷിതാവ് | 3 മാസം | 1000 |
| 3 | രചനോത്സവം | ലഘുവാക്യങ്ങളിൽ കഥ, കവിത എഴുതുക. | ക്ലാസ് ടീച്ചർ രക്ഷിതാവ് | 3 മാസം | 500 |
| 1 | Class 3,4<br><br>വായിക്കാം,എഴുതാം | അക്ഷരസ്ഫുടതയോടും ഒഴുക്കോടെയും ആശയവക്തതയോടെയും ഉള്ള വായന, വായനകാർഡ് നോക്കി നോട്ടുബുക്കിൽ എഴുതൽ. | ക്ലാസ് ടീച്ചർ | 2 മാസം | |
| 2 | ആശയം പറയാം | വായിച്ചറിഞ്ഞവയുടെ ആശയം പറയൽ. | ക്ലാസ് ടീച്ചർ, രക്ഷിതാവ് | 2 മാസം | |
| 3 | കവിത,കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞു എഴുതിയും അവതരിപ്പിക്കുന്നു. | കുട്ടി കേട്ട കഥ, കവിത സ്വയം എഴുതാനുള്ള അവസരം, കഥ,കവിത പൂർത്തിയാക്കൽ. കവിതയ്ക്ക് ഈണം നൽകി പാടി | ക്ലാസ് ടീച്ചർ,രക്ഷിതാവ് | 6 മാസം | |

| | | | | | |
|---|---|---|---|---|---|
| | ചിത്രത്തിൽ എന്തെല്ലാം_ കുറിപ്പ് | അവതരിപ്പിക്കൽ,<br><br>ചിത്രം നിരീക്ഷിച്ച് പറയൽ, എഴുതൽ, വായന | | | |
| 4 | സർഗാത്മക രചന<br><br>ക്ലാസ്സ് റൂം ലൈബ്രറി | കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം, എഴുതിയവ വായിച്ചു കൂട്ടിച്ചേർക്കൽ, മെച്ചപ്പെടുത്തൽ, അവതരിപ്പിക്കൽ.<br><br>വായനാക്കുറിപ്പ് | ക്ലാസ് ടീച്ചർ,രക്ഷിതാവ് | 10 മാസം | |
| 5 | ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്) ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ<br>. വായനാ സാമഗ്രികൾ നിർമിക്കൽ<br>വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ | ക്ലാസ് ടീച്ചർ,രക്ഷിതാവ് | അക്കാദമിക വർഷം | |
| 6 | കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ | വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു<br>ഉദാ:- ആന<br>വലിയ ആന<br>കറുത്ത വലിയ ആന | ക്ലാസ് ടീച്ചർ,രക്ഷിതാവ് | അക്കാദമിക വർഷം | |

മേഖല: അക്കാദമികം

വിദ്യാരംഗം കലാസാഹിത്യ വേദി ( മലയാളം)

## യു.പി തലം

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം(Duration) | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|---|
| 1 | 'പ്രീടെസ്റ്റ് | മുന്നറിവുകൾ പരിശോധിക്കുക | മലയാളം അധ്യാപകൻ | ഒരു ദിവസം | |
| 2 | പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ,കവിത, യാത്രാനുഭവം) അവതരിപ്പിക്കുന്നു.<br><br>*അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി , ആസ്വാദനം എന്നിവ വളർത്തുന്നു<br><br>* അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടേയും നിർമ്മാണം | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | മലയാളം അധ്യാപകൻ | ജൂൺ | |
| 3 | പത്രം, ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ചെയ്യുക<br><br>* വായനാക്കൂട്ടം രൂപീകരിക്കൽ<br><br>*ലൈബ്രറി സന്ദർശനം | പിതാക്കളിൽ അർത്ഥപൂർണമായ വായന ഉറപ്പു വരുത്തുക | അധ്യാപകൻ, വിദ്യാരംഗം കലാ സാഹിത്യ വേദി | ജൂൺ | |

| | | | | | |
|---|---|---|---|---|---|
| | *വായനാദിനാചരണം വായനാ കുറിപ്പ് മതസരം, വായനാ ക്വിസ്) | | | | |
| 4 | സാഹിത്യകാർകലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംഭാഷണങ്ങളും സംഘടിപ്പിക്കുന്നു<br><br>*ബഷീർ ദിനാചരണം | സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | അധ്യാപകൻ, വിദ്യാരംഗം കലാസാഹിത്യ വേദി | ജൂലൈ | |
| 5 | മലയാളം കമ്പ്യൂട്ടിങ് പരിശീലിപ്പിക്കുകയും ഇ മാഗസിൻ പ്രസിദ്ധീകരണവും | മലയാളം കമ്പ്യൂട്ടിങ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മ ശേഷി വളർത്തുകയും | അധ്യാപകർ (മലയാളം, ഐ.ടി) | വർഷാവസനം | |
| 6 | കുട്ടികൾക്ക് ആസ്വാദന ശേഷി വളർത്തുക, യാത്രാനുഭവക്കുറിപ്പ് തയ്യാറാക്കൽ | പഠനയാത്ര സംഘടിപ്പിക്കുക | അധ്യാപകർ, വിദ്യാരംഗം കലാ സാഹിത്യ വേദി | നവംബർ | പി ടി എ |
| 7 | വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുക.<br><br>സ്കൂളിലെ പ്രധാന സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുക | കുട്ടികളുടെ ആകാശവാണി | അധ്യാപകൻ | വർഷം മുഴുവൻ | |

മേഖല: അക്കാദമികം

ഉപമേഖല:വിദ്യാരംഗം കലാസാഹിത്യ വേദി ( മലയാളം)

## ഹൈസ്കൂൾ തലം

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം(Duration) | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|---|
| 1 | ഡിജിറ്റൽ മാസിക | കുട്ടികളുടെ സർഗാത്മക രചനകൾ ഡിജിറ്റൽ രൂപത്തിൽ പ്രസിദ്ധീകരിക്കുക | വിദ്യാരംഗം കലാസാഹിത്യ വേദി പി ടി എ | ഡിസംബർ 2025 | 1000 |
| 2 | ദൃശ്യമാധ്യമങ്ങളുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകൾ കുട്ടികളെ പരിചയപ്പെടുത്തുക | സിനിമ/ഡോക്യുമെൻററി ഫെസ്റ്റിവൽ (സിനിമാസ്വാദനം,സിനിമയുടെ പിന്നിലെ സാങ്കേതികവിദ്യകൾ പരിചയപ്പെടൽ | വിദ്യാരംഗം കലാസാഹിത്യ വേദി പി ടി എ | സെപ്റ്റംബർ 2025 | ബാധകമല്ല |
| 3 | സാംസ്കാരിക കേന്ദ്രങ്ങളിലേക്കുള്ള ഏകദിന പഠന യാത്ര<br><br>പഠനയാത്രയുടെ ഭാഗമായി ഡോക്യുമെൻററി തയ്യാറാക്കൽ | മികച്ച സിനിമ/ഡോക്യുമെൻററി എന്നിവ കണ്ട് ആസ്വദിക്കുന്നതിനും വിലയിരുത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക | നവംബർ 2025 | വിദ്യാരംഗം സാഹിത്യ വേദി പി ടി എ | വിദ്യാർത്ഥികളുടെ എണ്ണം പരിഗണിച്ച് |
| **4** | പത്രപ്രവർത്തകന്റെ ക്ലാസ്സ് (സാധ്യമെങ്കിൽ പത്രസ്ഥാപനം സന്ദർശിക്കൽ) | വിദ്യാർത്ഥികളെ ജില്ലയിലെ വിവിധ സാംസ്കാരിക കേന്ദ്രങ്ങൾ പരിചയപ്പെടുത്തൽ | ജൂലൈ 2025 | വിദ്യാരംഗം സാഹിത്യ വേദി പി ടി എ | 1000 |
| **5** | ഏകദിന നാടക | നാടകംഎന്ന വ്യവഹാര | ഒക്ടോബർ | വിദ്യാരം | 1000 |

| | | | | | |
|---|---|---|---|---|---|
| | ശില്പശാല | രൂപത്തിന്റെ അവതരണ സാധ്യതകൾ പരിചയപ്പെടുത്തുക | 2025 | ഗം സാഹിത്യ വേദി പി ടി എ | |
| **6** | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | പ്രസംഗ പരിശീലന കളരി വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br><br>പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജ മാക്കുക. | സെപ്റ്റംബർ 2025 | വിദ്യാരംഗം സാഹിത്യ വേദി പി ടി എ | ബാധകമല്ല |

# അറബിക്ക്

# ( എൽ.പി )

മേഖല: അക്കാദമികം

ഉപമേഖല: അറബിക്ക്

## എൽ.പി തലം

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം(Duration) | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|---|
| 1 | അക്ഷര വായന<br>എഴുത്തു  രീതി<br>ചിഹ്നങ്ങൾ<br>ചേർത്തു വായന | അറബി അക്ഷരങ്ങളുടെ ഉചരണം,എഴുത്തുരീതി എന്നിവ മനസിലാക്കിവായിക്കാനും എഴുതാനുമുള്ളകഴിവ്<br>അക്ഷര കാർഡുകൾ കണ്ട് കുട്ടികൾ മനസിലാകുന്നു അക്ഷരങ്ങൾക് നിറം നൽകാൻ കഴിയുന്നു | ടീച്ചർ | 6 മാസം | |
| 2 | പദ നിർമാണം<br>പദ ശേഖരം<br><br>ഉപചാരവാക്കുകൾ<br>മനസിലാക്കുക | അക്ഷര കാർഡുകൾ നൽകി പദങ്ങൾ നിർമിക്കാൻ  പരിശീലനം പരിശീലനം<br>പുതിയ പദങ്ങൾ നിർമിക്കാൻ അവസരം<br>പദ നിർമാണ മത്സരം<br>ഉപചാര വാക്കുകൾ ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ചു ഉപയോഗിക്കുന്നു | ടീച്ചർ | 3 മാസം | |
| 3 | കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമാണം<br><br>ദിനാചാരണങ്ങൾ<br>പരിചയപ്പെടൽ | കവിത ആസ്വദിക്കാൻ<br><br>ചിത്രങ്ങൾ വരച്ചു നിറം നൽകാം<br><br>ഓരോ ദിനാചാരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ നിർമ്മിച്ചു ചെറിയ വിവരങ്ങൾ നൽകുന്നു | ടീച്ചർ | 3 മാസം | |

# ഇംഗ്ലീഷ്

മേഖല: അക്കാദമികം

ഉപമേഖല:ഇംഗ്ലീഷ്

## എൽ.പി തലം

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം(Duration) | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|---|
| 1 | Class 1 Reading and writing | Read the simple Words and Sentences | Class teacher,parent | 6 months | **1000** |
| 2 | Riddles | Make simple riddles | Class teacher | 6 months | **1000** |
| 3 | Rearrange the events | enhance the reading experience | class teacher | 6 months | **500** |
| 1 | CLASS 2<br>Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc | To develop listening skills & reading skills first<br>Listening skills<br>Games, Action songs Hello English activities,2 conversations, skit stories<br>Use ICT<br>Speaking skills | class teacher | June ,July, August | |
| 2 | News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc<br>Textbook activities | Reading skills | class teacher | July & August | |
| 3 | Make word web, picture description, word chain | Writing skills | class teacher | July & August | |

| | | | | | |
|---|---|---|---|---|---|
| | sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines | | | | |
| | CLASS 3 AND 4 | | | | |
| 1 | Picture description | To help students develop their language skills and be creative | Class teacher | 3 months | 0/- |
| 2 | ● Development of the school library including more children's magazines<br>● Newspaper reading competition<br>● (Activity for students struggling with academics)<br>- Giving out reading cards, picture cards<br>- Exposure to reading models | Help students understand the theme better and gain fluency | Class teacher | 10 months | 500 |
| 3 | Participation in assembly (english) twice a month with the students bearing the entire responsibility | Enhance reading, speaking and writing skills of our students | Class teacher | 10 months | 0 |
| 4 | Promote the maintenance of a personal diary in english | Students could write English with ease and less error overtime<br>Makes it easier to handle the language | Class teacher | 10 months | 0 |
| 5 | English theatre | Create drama from english lessons with students writing the skit (conversation and storytelling).<br>-Give students an opportunity to be creative | Class teacher | 10 months | 200 |

മേഖല: അക്കാദമികം

ഉപമേഖല:ഇംഗ്ലീഷ്

## യു.പി തലം

| ക്രമനമ്പർ | പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം(Duration) | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|---|
| 1 | Follow me if you can<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.<br>ലളിതമായ കഥകൾ കവിതകൾ കേൾക്കുവാനുള്ള അവസരം ഒരുക്കുന്നു.<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ കേൾക്കുവാനുള്ള അവസരം നൽകുന്നു | ശരിയായ ഇംഗ്ലീഷ് കേൾക്കുവാനുള്ള അവസരം ഉണ്ടാക്കാക്കുക | ഇംഗ്ലീഷ് അധ്യാപകർ | വർഷം മുഴുവൻ | |
| 2 | Treasure hunt<br>വിവിധ വസ്തുക്കൾക്ക് നമ്പർ നൽകുന്നു നമ്പർ നറുക്കെടുത്ത് ലഭിക്കുന്ന വസ്തുവിനെ വർണിക്കുന്നു. മറ്റ് കുട്ടികൾ വസ്തുവിനെ തിരിച്ചറിയുന്നു | ഇംഗ്ലീഷിൽ സംസാരിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുക. | അധ്യാപകർ | ജൂൺ | |
| 3 | ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് സംസാരിക്കാനുള്ള ആത്മവിശ്വാസം ഉണ്ടാക്കുക. | അധ്യാപകർ | എല്ലാ ആഴ്ചയും ഒരു ദിവസം | |
| 4 | T too can പിന്നോക്കക്കാരായ കുട്ടികളുടെ വായന പ്രോത്സാഹിപ്പിക്കുന്നതിനായി വായനക്കാർഡുകൾ തയ്യാറാക്കി നൽകുന്നു | വായന പ്രോത്സാഹിപ്പിക്കുക | അധ്യാപകർ | ജൂൺ, ജൂലൈ | |

| | | | | | |
|---|---|---|---|---|---|
| 5 | I am the best reader<br>എല്ലാ ദിവസവും ഇംഗ്ലീഷ് ദിനപത്രം വായിക്കാൻ അവസരം നൽകുന്നു. എല്ലാ മാസവും best reader നെ തെരഞ്ഞെടുക്കുന്നു | ഇംഗ്ലീഷ് വായിക്കാനുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കുക | അധ്യാപകർ | ജൂൺ മുതൽ ഫെബ്രുവരി വരെ | |
| 6<br><br><br><br><br><br><br><br>7 | My drop lets<br>വളരുന്ന ഡിക്ഷനറി<br>ഇംഗ്ലീഷ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കുന്നു.<br>വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് പോസ്റ്ററുകൾ പ്ലക്കാർഡുകൾ ചുമർപത്രികകൾ തയ്യാറാക്കുന്നു<br>ഇംഗ്ലീഷ് ഡെ<br><br>ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള മറ്റ് വ്യക്തികളെ രക്ഷിതാ ക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ഇംഗ്ലീഷ് ഡെആചരിക്കുന്നു പ്രസംഗം പദ്യം ചൊല്ലൽ role play skit കഥ പറയൽ തുടങ്ങി ദിവസം മുഴുവൻ ഇംഗ്ലീഷിൽ സംവദിക്കാനുള്ള സാഹചര്യം ഒരുക്കുന്നു | ഇംഗ്ലീഷിൻ സർഗാത്മക സൃഷ്ടി നടത്തുന്നു.<br>പദസമ്പത്ത് വർദ്ധിപ്പിക്കുക<br><br><br><br>ആത്മവിശ്വാസത്തോടെ ഭാഷ കൈകാര്യം ചെയ്യാനും ഭാഷയെ സ്നേഹിക്കാനും പ്രാധാന്യം ഉൾക്കൊള്ളാനു ‘ നൈസർഗിക പ്രകടനത്തിനും അവസരം ഒരുക്കുന്നു | അധ്യാപകർ<br><br><br><br><br><br>അധ്യാപകർ രക്ഷിതാക്കൽ BRC | നവംബർ അക്കാദമിക വർഷം മുഴുവൻ<br><br><br><br>ഫെബ്രുവരി | |

മേഖല: അക്കാദമികം

ഉപമേഖല:ഇംഗ്ലീഷ്

## ഹൈസ്കൂൾ തലം

| ക്രമ ന മ്പർ | പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം(Duration) | പ്രതീക്ഷ ിത ചെലവ് |
|---|---|---|---|---|---|
| 1 | a) Spoken English class<br>b) English library<br>c) English cartoon making<br>d) English corner story time | To communicate English confidently | Teachers, PTA | Working days Saturda ys | Teacher's gran |
| 2 | Conduct a whole assembly in English and even read English newspaper | English assembly | Class teachers, English teache | Weekly once | |
| 3 | Write the expressions of their day to day activities in a page to make a diary | English diary writing.<br>To write or express ideas in good English | English teache | Daily activit | |
| 4 | a) Picture reading<br>b) Public speaking<br>c) News reading competition s<br>d) Symbol games of vocabulary collection<br>e) Preparing news of school | School English voice.<br>To achieve a ready skill by reading newspapers,cards etc | Teachers, PTA | Classroo m activity, assembl y | PTA,Teac her's gran |

| | | | | | |
|---|---|---|---|---|---|
| 5 | a) Video conference with famous writers or other celebrities<br>b) Watching English movies<br>c) Read world classics<br>d) Listen audio books<br>e) Conduct English tes | To make use of medias and audio visual gadgets,aids.<br>To empower English language skills. | English teachers<br><br>English club | Once in a month or in a term | PTA,Teacher's gran |
| 7 | a) Conduct debates<br>b) Mock interviews<br>c) Prepare skits<br>d) Dramatization of skits<br>e) Preparing newspapers for our school | English fest -To achieve and ability to speak, write and communicate fluently without fear | SRG, class teachers | Saturdays, holidays | PTA,Teacher's gran |
| 8 | a) Making word puzzles<br>b) Writing frictions, stories, poems etc<br>c) Collect idioms, terms and other language and even picturised by their own creativity<br>d) Make cartoons and picture stories | English magazines-To express their own ideas, create new fictions, develop their own literally skills | Class teacher, English teache | Once in a month | PTA,Teacher's gran |
| 9 | a) To view the stories of English course book in a different perspective and make necessary changes in that stories and prepare skits and present it to the audience | English Theatre-To make use of English language | Class teacher, English teacher | Once in a month | PTA,Teacher's gran |

# ഹിന്ദി

മേഖല: അക്കാദമികം

ഉപമേഖല:ഹിന്ദി

## യു.പി തലം

| ക്രമനമ്പർ | പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം(Duration) | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|---|
| 1 | नए नए शब्दों और वाक्यांश को समझाकर पढाना।<br>नए कविता पढाते हुए उसमे आनेवाले हिन्दी अक्षरो को समझाकर पढाना।<br>अक्षर माला चार्ट सी डी पर अक्षर रचना दिखाना। | 5,6,7 कक्षाओ मे अक्षर पढने का अवसर प्राप्त करना।<br>5 कक्षा पर हिन्दी शुरू होने के कारण भाषा अर्जन की अवसर प्राप्त कराना। | हिन्दी अध्यापक | जून से फरवरी तक | |
| 2 | बार बार पुस्तक वाचन करते हुए वाचन की आकर्षित करना।<br>अन्य हिन्दी चित्र कथाए उसका डिजिटल अवतरण नीचे हिन्दी वाक्य सहित दिखाना। | हिन्दी वाचन<br>ठीक तरह हिन्दी पढने का परिश्रम देना। निरंतर सुधार केलिए कोशिश करना। | हिन्दी अध्यापक | जून से फरवरी तक | |
| 3 | हिन्दी माध्यम मे कक्षा चलाना ।<br>आपस मे हिन्दी मे वार्तालाप का अवसर प्राप्त करना। | हिन्दी बोलने का अवसर प्राप्त करना।<br>भाषा अर्जन कर्के निरंतर विकास की ओर आगे बढाना। | हिन्दी अध्यापक | जून से फरवरी तक | |
| 4 | ऑडियो विष्वल की मदद से हिन्दी उच्चारण सुनाना। | उच्चारण की परिचय करना। | हिन्दी अध्यापक | जून से फरवरी तक | |
| 5 | हिन्दी आशय समझकर सुरीली हिन्दी के जरिए सर्जनात्मक रचना विकास करना। | सुरीली भाषार्जन प्राप्त करना। | हिन्दी अध्यापक | जून से फरवरी तक | |
| 6 | हिन्दी क्लब - विश्व हिन्दी दिवस (जनवरी 10)<br>हिन्दी दिवस- सितंबर 14 | हिन्दी भाषा विकास और भाषार्जन की रोचकता बढाना | हिन्दी क्लब | जनवरी<br>सितंबर | |
| 7 | सुरीली उत्सव और हिन्दी उत्सव मनाना | सर्जनात्मकता और कलात्मक अभिरुचि को पोषित करना | हिन्दी क्लब | फरवरी | |

മേഖല: അക്കാദമികം

ഉപമേഖല:ഹിന്ദി

## ഹൈസ്കൂൾ തലം

| ക്രമനമ്പർ | പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം(Duration) | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|---|
| 1 | 1. വർക്ക്ഷീറ്റുകൾ നൽകുന്നു<br>2 . ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ നൽകുന്നു<br>3.കേട്ടെഴുത്ത് , പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. | ഹിന്ദി എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. ഉൾച്ചേർന്ന വിദ്യാഭ്യാസം സാധ്യമാക്കുക | ഹിന്ദി അധ്യാപിക തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ | ജൂൺ മുതൽ | ഹിന്ദി ക്ലബ്ബ്,പി ടി എ ഫണ്ട് |
| 2 | 1. ചിത്രകഥ, കാർട്ടൂൺ , ചെറുകവിതകൾ എന്നിവ വായനയ്ക്കായി നൽകുക<br>3 ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി അസംബ്ലി നടത്തുക<br>4.. ഹിന്ദി ക്ലബിനെ കൂടുതൽ ശക്തിപ്പെടുത്തുക<br>5. ദിനാചരണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക | ഹിന്ദി അനായാസം എഴുതുവാനും വായിക്കാനുമുള്ള പരിശീലനം നൽകുക<br><br>ഉൾച്ചേർന്ന വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക | ഹിന്ദി അധ്യാപിക | ജൂൺ മുതൽ | ഹിന്ദി ക്ലബ്ബ് |
| 3 | 1.ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള അവസരമൊരുക്കുക.<br>2. കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുക<br>3. ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറിയ പുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക | രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക<br><br>സർഗ്ഗാത്മകത വർദ്ധിപ്പിക്കുക | ഹിന്ദി അധ്യാപിക, ഹിന്ദി ക്ലബ്ബ് | ജൂൺ മുതൽ | പി ടി എ സ്പോൺസർഷിപ്പ് |

| | | | | | |
|---|---|---|---|---|---|
| | 4. ഹിന്ദി പ്രസംഗം, കവിതാലാപനം, പദ്യം ചൊല്ലൽ , കവിതാരചന, കഥാരചന, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ<br>4. ഹിന്ദി പ്രദർശനം സംഘടിപ്പിക്കൽ | | | | |
| 4 | 1. ഹിന്ദിപഠനത്തിന് സഹായകരമായ വിവിധ ദൃശ്യ ശ്രവ്യ സാമഗ്രികൾ ഉപയോഗിക്കുക<br><br>2 ഹിന്ദി പഠനത്തിന് വിവര സാങ്കേതിക വിദ്യ ഉപയോഗിക്കു ക.<br>3.വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഹിന്ദിയുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുക | വിവർത്തകർ, വാർത്താവായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതകൾക്കായി കുട്ടികളെ പ്രാപ്തരാക്കുക<br><br>ഹിന്ദി ഭാഷയിലേയ്ക്ക് കുട്ടികളെ ആകർഷിക്കുക | ഹിന്ദി അധ്യാപിക, ഹിന്ദി ക്ലബ്ബ് | ജൂൺ മുതൽ | പി ടി എ സ്പോൺസർഷിപ്പ് |
| 5 | <u>ദിനാചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ</u><br><u>1. ജൂലൈ 31- പ്രേംചന്ദ് ജയന്തി</u> | ക്ലബ് പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക . പ്രേചന്ദിന്റെ രചനകൾ കുട്ടികളെ പരിചയപ്പെടുത്തുക | ഹിന്ദി ക്ലബ്ബ് | ജൂലൈ 31 | ഹിന്ദി ക്ലബ്ബ് |
| 6 | 2. സെപ്റ്റംബർ - 14 ഹിന്ദി ദിനം | 1.ഹിന്ദി ഭാഷയുടെപ്രാധാന്യം കുട്ടികളെ മനസ്സിലാക്കിക്കുക<br>2. സർഗ്ഗാത്മകത വളർത്തുക | ഹിന്ദി ക്ലബ്ബ് | സെപ്റ്റംബർ 14 | .ഹിന്ദി ക്ലബ് , പിടിഎ |
| 7 | 3: ജനുവരി -10 - ലോക ഹിന്ദി ദിനം | 1. ഹിന്ദി പഠനത്തിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തുക<br>2 . ഹിന്ദി ഭാഷയുടെ സാംസ്കാരികവും, ഭാഷാപരവുമായ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുക | ഹിന്ദി ക്ലബ്ബ് | ജനുവരി 10 | ഹിന്ദി ക്ലബ്ബ് |

# സോഷ്യൽ സയൻസ്

മേഖല: അക്കാദമികം

ഉപമേഖല:സോഷ്യൽ സയൻസ്

## എൽ.പി തലം

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം(Duration) | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|---|
| 1 | Std 3,4<br><br>പ്രകൃതി നടത്തം<br><br>*ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>*പ്രത്യേകതകൾ മനസിലാക്കാം<br>*വിവിധ ആവാസ വ്യവസ്ഥ കൾ അടുത്തറിയാം<br>*ജീവികളുടെ പരസ്പരശ്രയത്വം ചർച്ച<br>*നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണപ്രശ്നം അനുഭവിച്ചറിയാം, സ്വയം തിരുത്താം<br>*പ്രകൃതിക്കു ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസിലാക്കാം<br>*തെറ്റും ശരിയും ചർച്ച ചെയ്യാം<br><br>പൂന്തോട്ടം ഒരുക്കാം<br><br>*സ്കൂൾ പൂന്തോട്ടം പരിപാലിക്കാം<br>*വീട്ടിൽ പൂന്തോട്ടം ഒരുക്കാം<br><br>ഒരു തൈ നടാം<br><br>*പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നടൽ<br>*നട്ട വൃക്ഷതൈ പരിപാലിക്കൽ<br><br>പോസ്റ്റർ നിർമ്മാണം<br><br>*പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | ക്ലാസ്സ് ടീച്ചർ<br><br>PTA | ജൂൺ-ഒക്ടോബർ<br><br>ജൂൺ-മാർച്ച് | 5000 |

| | | | | | |
|---|---|---|---|---|---|
| | *പരിസരങ്ങളിൽ പതിക്കൽ<br><br>ദാഹജലം<br><br>*പൂന്തോട്ടത്തിൽ വേനൽക്കാലത്തു കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം | | | ജൂൺ-മാർച്ച്<br><br>ജൂമാർച്ച്-മെയ് | |
| 2 | ദിനകൃത്യങ്ങൾ<br><br>*ഓരോ ദിനവും പ്രഭാത കാര്യങ്ങൾ കഴിഞ്ഞിട്ടേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ്സ് ചർച്ച കളിലൂടെ ഉറപ്പിക്കണം<br>*കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു<br><br>നമ്പർ വൺ<br><br>*ക്ലാസ്സ് തലത്തിൽ ശുചിത്വ മത്സരം<br>*വ്യക്തി ശുചിത്വം, ക്ലാസ്സ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു<br><br>പരിസര നടത്തം<br><br>*നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം<br>*മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം<br>*പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ<br><br>നല്ല ശീലം<br><br>*പോസ്റ്ററുകൾ തയ്യാറാക്കാം<br>*പരിസരങ്ങളിൽ പതിക്കാം | വ്യക്തി ശുചിത്വം പരിസരശുചിത്വം | ക്ലാസ്സ് ടീച്ചർ | ജൂൺ-മാർച്ച്<br><br>ജൂലൈ-മാർച്ച്<br><br>ജൂൺ-ഡിസംബർ<br><br>ജൂലൈ-മാർച്ച് | 1000 |

| | | | | | |
|---|---|---|---|---|---|
| 3 | ഫീൽഡ് ട്രിപ്പ്<br><br>*നമ്മുടെ നാടിനെ,പരിസ്ഥിതിയെ അടുത്തറിയനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു<br>(കുളം, വയൽ, കാട്, etc)<br><br>പരീക്ഷണങ്ങൾ<br><br>*ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br><br>ശാസ്ത്രജ്ഞനോടൊപ്പം<br><br>*ക്യാമ്പ്<br>*മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു<br><br>പക്ഷി നിരീക്ഷണം<br><br>*ക്യാമ്പ്<br>*പക്ഷി നിരീക്ഷണത്തിന് അവസരം | ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപ്പര്യവും വളർത്തുക | ക്ലാസ്സ് ടീച്ചർ | ജനുവരി-മാർച്ച്<br><br>ഡിസംബർ-ഫെബ്രുവരി<br><br>ഡിസംബർ-ഫെബ്രുവരി<br><br>ജനുവരി-മാർച്ച് | 3000 |

മേഖല: അക്കാദമികം

ഉപമേഖല:സോഷ്യൽ സയൻസ്

## യു.പി തലം

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം(Duration) | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|---|
| 1 | അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറവ് പരീക്ഷിക്കുന്നതിന് പ്രഹേളികൾ ഒരോ പഠിതാവിനും നൽകുന്നു. | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | ജൂൺ മാസം | |
| 2 | Virtual field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു | പഠിതാക്കളെ ചരിത്രബോധം ഉള്ള വരാക്കി മാറ്റുന്നു | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | ജൂലൈ | |
| 3 | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | ആഗസ്റ്റ് | |
| 4 | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം<br><br>സാമൂഹ്യ ശാസ്ത്ര | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോ നങ്ങളെക്കുറിച്ചും | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | അക്കാദമ ികവർഷം | |

| | | | | | |
|---|---|---|---|---|---|
| | ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ച ും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാ താരാക്കുന്നു | | | |
| 5 | ഓർമ്മച്ചെപ്പ്<br><br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി \| സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | സാമൂഹ്യ ശാസ്ത്ര അധ്യാപക ൻ | അക്കാദമ ിക വർഷാരം ഭം (ജൂൺ) | |
| 6 | നന്മയുടെ നുറുങ്ങുവെട്ടം<br><br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | സഹജീവികളോട് സമ ഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | സാമൂഹ്യ ശാസ്ത്ര അധ്യാപക ൻ | അക്കാദമ ിക വർഷം | |

| | | | | | |
|---|---|---|---|---|---|
| | മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | | | | |
| 7 | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇട പെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടു കൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്, സർവ്വേ) | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | അക്കാദമ ിക വർഷം | |

മേഖല: അക്കാദമികം

ഉപമേഖല:സോഷ്യൽ സയൻസ്

## ഹൈസ്കൂൾ തലം

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം(Duration) | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|---|
| **1** | പ്രകടനപത്രിക, പ്രചാരണം, മിറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപ യോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം<br><br>തുടർന്ന് മോക്ക് പാർലിമെന്റ് സംഘ ടിപ്പിക്കൽ | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൻ | സാമൂഹ്യശാസ്ത്ര ക്ലബ് | ജൂലൈ **2025** | |
| **2** | * ഭരണഘടന ആമുഖം<br>*ഏദിസ്ഥമാക്കൽ.സ്കൂൾ ചുമരിൽ ആമുഖം ആലേഖനം ചെയ്യൽ | ഇന്ത്യൻ ഭരണഘടന, ആമുഖം -ധാരണ രൂപീകരിക്കൽ | സാമൂഹ്യശാസ്ത്ര ക്ലബ് | നവംബർ **2025** | **1000** |
